WEDNESDAY 20-10-2021 ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -20/10/2021

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി **കാർഷിക ഉൽപ്പന്ന പ്രോസസിംങ്ങ് യൂണിറ്റുകൾ സ്ഥാപിയ്ക്കുന്നതിനായി** ധനസഹായം നൽകുന്നു. കർഷകർ/കർഷകഗ്രൂപ്പ്/സ്വയം സഹായ സംഘങ്ങൾ/ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവർക്ക് അപേക്ഷിയ്ക്കാം. പരമാവധി 50% ആണ് ധനസഹായം നൽകുന്നത്. ബാക്കി തുകയിൽ 40% സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (SHM), സ്മാം (SMAM) എന്നീ പദ്ധതികളിൽ നിന്നും കണ്ടെത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

2. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുല്പാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങളെ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ വിതരണം ചെയ്യുന്നു. ആവശ്യമുള്ള കർഷകർ **0479- 2452277, 0479 -2457778, 9495805541** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് മുൻകൂറായി ബുക്ക് ചെയ്യേണ്ടതാണ്.

3. റബ്ബർകർഷകർക്ക് ന്യായമായ വില ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേരളസർക്കാർ നടപ്പാക്കിവരുന്ന റബ്ബറുത്പാദന പ്രോത്സാഹന പദ്ധതിയുടെ ഏഴാം ഘട്ടം നടപ്പാക്കുന്നു. കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന റബ്ബറിന് (ആർഎസ്എസ് 4) കിലോഗ്രാമിന് കുറഞ്ഞത് 170 രൂപ ഉറപ്പാക്കുന്നതാണ് ഈ പദ്ധതി. നിലവിൽ പദ്ധതിയിൽ അംഗങ്ങളാകാത്ത കർഷകർക്ക് രജിസ്റ്റർ ചെയ്യാൻ അവസരമുണ്ടായിരിക്കുന്നതാണ്. ഇതിനായി നിശ്ചിത ഫോറത്തിൽ അടുത്തുള്ള റബ്ബറുത്പാദകസംഘത്തിൽ അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ഫോട്ടോ, റബ്ബർ നിൽക്കുന്ന സ്ഥലത്തിന്റെ തന്നാണ്ട് കരം അടച്ച രസീത്, ബാങ്ക് പാസ്ബുക്കിന്റെയും ആധാർ കാർഡിന്റെയും കോപ്പി എന്നിവ ഹാജരാക്കണം. ആറാംഘട്ടത്തിൽ രജിസ്ട്രേഷൻ പുതുക്കാത്ത ഗുണഭോക്താക്കൾ 2020-21 വർഷത്തെ ഭൂനികുതി രസീതും പുതുക്കലിനായി സമർപ്പിക്കേണ്ടതാണ്. 2021

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ജൂലൈ ഒന്ന് മുതലുള്ള ബില്ലുകളാണ് പരിഗണിക്കുക. . സെയിൽസ് ഇൻവോയ്സുകൾ / ബില്ലുകൾ എന്നിവ സാധുവായ ലൈസൻസുള്ള ഒരു ഡീലറിൽ നിന്നുള്ളതായിരിക്കണം. ഡീലർമാർ നിയമപരമായി വേണ്ട റിട്ടേണുകൾ എല്ലാം സമർപ്പിക്കുന്നവരുമായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് ഓഫീസുമായി ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

4. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "**തെങ്ങു ചങ്ങാതിക്കൂട്ടം**" എന്ന വിഷയത്തിൽ പട്ടികജാതി പട്ടികവർഗ്ഗ കർഷകർക്കായുള്ള പരിശീലന പരിപാടിയും "**കാർഷികാഭിവൃദ്ധി–ഊർജ്ജസംരക്ഷണത്തിലൂടെ**" എന്ന വിഷയത്തിൽ കർഷകർക്കായി ബോധവത്ക്കരണ പരിപാടിയും സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ കൃഷി വിജ്ഞാന കേന്ദ്രവുമായി **9400483754, 9447654148** എന്നീ ഫോൺ നമ്പരുകളിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാല, സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, മണ്ണുത്തി " **ജാതി കൃഷിയിലെ സംരംഭകത്വ സാധ്യതകൾ** " എന്ന വിഷയം അടിസ്ഥാനപ്പെടുത്തി ഈ മാസം 25 മുതൽ 29 (ഒക്ടോബർ 25 മുതൽ 29) വരെ കർഷകർക്കും കാർഷിക ഗ്രൂപ്പുകൾക്കും കാർഷിക സംരംഭകർക്കും പൊതുജനങ്ങൾക്കും സൗജന്യ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. https://forms.gle/ehu49MR397WtaVUw7 എന്ന ലിങ്കിലൂടെ പരിശീലന പരിപാടിയിൽ ഇന്നു വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി (20.10.2021, 21.10.2021) **ആട് വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 04829 - 234323 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. പച്ചക്കറികളിൽ ജൈവകീടനാശിനികൾ ഉപയോഗിക്കുന്നതാണ് ഏറ്റവും സുരക്ഷിതം. വേപ്പിൻകുരുസത്ത് ലായനി, മണ്ണെണ്ണ കുഴമ്പ്, വേപ്പെണ്ണ ഇമൾഷൻ, വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതം തുടങ്ങിയ ജൈവകീടനാശിനികൾ ഇലതീനിപ്പുഴുക്കൾ, വെള്ളിച്ച, പയറിലെ മൂഞ്ഞ, ചിത്രകീടം ഇവയ്ക്കെതിരെ ഫലപ്രദമാണ്. കൂടാതെ വിവിധതരം കെണികൾ തോട്ടത്തിൽ വെച്ചും കീടങ്ങളെ ആകർഷിച്ച് നശിപ്പിക്കാം. ഒരു ലിറ്റർ വെള്ളത്തിൽ 20 മി.ലി വിനാഗിരി ചേർത്തതിൽ പച്ചക്കറികൾ ഉലച്ചു കഴുകിയാൽ സ്പർശനവീര്യമുള്ള കീടനാശിനികളുടെ വിഷാംശം ഉണ്ടെങ്കിൽ കുറഞ്ഞു കിട്ടും. പച്ചക്കറികളിൽ കായീച്ചയെ കാണാനിടയുണ്ട്. കേടുവന്ന കായ്കൾ നശിപ്പിക്കുക. കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറമോൺ കെണിയായ ക്യൂലൂർ 6 എണ്ണം ഒരു ഏക്കറിന് എന്ന കണക്കിൽ ഉപയോഗിക്കുക. ഇതിനോടൊപ്പം തുളസി/പഴക്കെണികൾ കൂടെ വയ്ക്കേണ്ടതാണ്. എന്നിട്ടും കുറവില്ലെങ്കിൽ 2 മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് പൂക്കുന്ന സമയത്തും കായ് പിടിക്കുന്ന സമയത്തും തളിച്ചു കൊടുക്കുക.

8. വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച വാഴയുടെ ഇലകൾ പുഴുവിനോട് കൂടി തന്നെ മുറിച്ചെടുത്ത് നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി **ക്വിനാൽഫോസ്** ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി **ക്ലോറാൻട്രാനിലിപ്രോൾ** 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. ഇടവിട്ടുള്ള മഴയും വെയിലും മൂലം വാഴയിൽ ഇലപ്പുള്ളിലോഗത്തിനു സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം **സ്യൂഡോമോണാസ്** ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. രണ്ട് ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ രണ്ട് മി.ലി **ഹെക്സാകൊണാസോൾ** ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ ഒരു മി.ലി **പ്രോപികൊണാസോൾ** ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്കവിധം കുളിർക്കെ തളിക്കുക.